## പതിനാലാം കേരള നിയമസഭ
## പതിനെട്ടാംപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.577** **03.03.2020 ൽ മറുപടിയ്ക്ക്**

### കായംകുളം താപനിലയത്തിലെ സോളാർ പ്ലാന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. വി. ആർ. സുനിൽ കുമാർ<br>ശ്രീമതി. സി. കെ. ആശ | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം താപവൈദ്യുത നിലയത്തിലെ സൗരോർജ്ജ പ്ലാന്റിൽ നിന്ന് സോളാർ വൈദ്യുതി വാങ്ങുന്നതിന് എൻ.റ്റി.പി.സി. യുമായി കരാറിൽ എത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കായംകുളം താപനിലയത്തിലെ സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് സോളാർ വൈദ്യുതി വാങ്ങുന്നതിന് 28.08.2019 - ൽ NTPC-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | കായംകുളം താപനിലയത്തിൽ നിർമ്മിക്കുന്ന സോളാർ പ്ലാന്റ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (ബി) | NTPC-യുടെ അധീനതയിലുള്ള കായംകുളം താപനിലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കായലിൽ 92 മെഗാവാട്ട് ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പദ്ധതിയാണ് നിർമ്മിക്കുന്നത്. പ്രസ്തുത നിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും വാങ്ങുവാൻ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ്, NTPC യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത സോളാർ പ്ലാന്റിന്റെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്നും ആയതിൽ നിന്നുള്ള വൈദ്യുതി എന്ന് ലഭ്യമാകുമെന്നും വ്യക്തമാക്കുമോ; | (സി) | NTPC നിർമ്മിക്കുന്ന പ്രസ്തുത ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. 2021-ൽ നിർമ്മാണം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | പ്രസ്തുത കരാറിലെ വൈദ്യുതി നിരക്ക് എത്രയാണെന്നും വൈദ്യുതി എത്രകാലത്തേക്ക് ലഭ്യമാകുമെന്നും അറിയിക്കുമോ? | (ഡി) | പ്രസ്തുത 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ വൈദ്യുതി നിരക്ക് 3 രൂപ 16 പൈസയിൽ അധികരിക്കാത്ത നിലയിൽ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന പ്രകാരമായിരിക്കും. ഈ പദ്ധതിയുടെ കാലാവധി 25 വർഷമാണ്. |

സെക്ഷൻ ഓഫീസർ